**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4795 27/06/2014-ൽ മറുപടിയ്ക്ക്

## ചക്കയുടെ ഉൽപ്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര കോടി രൂപയുടെ ചക്ക ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്; | എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി 435 കോടി രൂപയുടെ ചക്ക ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. |
| ബി) ഉൽപ്പാദിപ്പിക്കപ്പെടുന്ന ചക്കയുടെ അമ്പതു ശതമാനവും സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നം ആക്കി മാറ്റുന്നതിനുള്ള സൗകര്യത്തിന്റെ കുറവ് നിമിത്തം നശിച്ചുകൊണ്ടിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) ഉണ്ടെങ്കിൽ സീസൺ വിളയായ ചക്ക സംസ്ക്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | സി) കൃഷി വകുപ്പിലൂടെ 2012-13 വർഷം നടപ്പിലാക്കിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസന പദ്ധതി പ്രകാരം പത്തനംതിട്ട CARD കൃഷി വിജ്ഞാന കേന്ദ്രത്തിന് 52.55 ലക്ഷം രൂപ അനുവദിച്ചു നൽകി കൊണ്ട് പത്തനംതിട്ട ജില്ലയിൽ "എസ്റ്റാബ്ലിഷ്മെന്റ് ഓഫ് പ്രൈമറി പ്രോസ്സസിംഗ് ഹബ്ബ് ഫോർ ജാക്ക് ഫ്രൂട്ട്" എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജില്ലയിലെ കർഷകരെയും ചക്ക സംസ്ക്കരണവുമായി ബന്ധപ്പെട്ട സംരംഭകരെയും പ്രോജക്ടിൽ ഉൾപ്പെടുത്തി പരിശീലനം നൽകുകയും പ്രോജക്ടിനായി തെരഞ്ഞെടുക്കുന്ന കൃഷിയിടങ്ങളിൽ ശാസ്ത്രീയമായ പരിചരണം നൽകിക്കൊണ്ട് ഉല്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നു. ചക്കയുടെ സംസ്ക്കരണത്തിനുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു കൊണ്ട്, ഗ്രേഡിംഗ്, തരംതിരിക്കൽ, ഗുണനിലവാരം ഉറപ്പുവരുത്തൽ, സ്റ്റോറേജ്, പാക്കിംഗ്, ഉണക്കൽ, മാലിന്യ സംസ്ക്കരണം തുടങ്ങിയ സജ്ജീകരണങ്ങളെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ജലാംശം നീക്കിയ ഇളം ചക്ക, പച്ചചക്ക, ചക്കക്കുരു, വിളഞ്ഞു പഴുത്ത ചക്ക, ചക്കപ്രിസർവ് |

തുടങ്ങിയ ഉല്പ്പന്നങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചക്ക സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന പദ്ധതികൾക്ക് ആകെ പദ്ധതി തുകയുടെ 25% കൃഷി വകുപ്പ് എസ്.എഫ്.എ.സി മുഖേന സബ്സിഡി നൽകുന്നുണ്ട്. ഇത്തരം സംരംഭങ്ങൾ നടപ്പിലാക്കുന്ന വ്യക്തികൾക്കോ, ഗ്രൂപ്പുകൾക്കോ, സ്ഥാപനങ്ങൾക്കോ സബ്ഡിസി ആനുകൂല്യം ലഭ്യമാണ്. എന്നാൽ ഈ ആനുകൂല്യം ഓരോ പദ്ധതിക്കും പരമാവധി 10 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരവും ഇത്തരം സംരംഭങ്ങൾക്ക് ആനുകൂല്യം നൽകുന്നുണ്ട്. എന്നാൽ പരമാവധി ആനുകൂല്യം മൊത്തം പദ്ധതി തുകയുടെ 50% ത്തിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്ന സംരംഭകർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുകയും പദ്ധതി പ്രവർത്തന ക്ഷമമായതിനു ശേഷം സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതാണ്. കൂടാതെ മൂല്യ വർദ്ധനവിലുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് പലിശ രഹിത വായ്പ കേന്ദ്ര എസ്.എഫ്.എ.സി വഴി നൽകി വരുന്നു. സംരംഭക മൂലധനത്തിന്റെ 26% അല്ലെങ്കിൽ 50 ലക്ഷം രൂപ ഇതിലേതാണോ കുറവ് ആ തുകയായിരിക്കും പലിശ രഹിതവായ്പയായി നൽകുന്നത്. സംരംഭകർ വായ്പയെടുക്കന്ന ബാങ്കുകളിലൂടെ ലഭ്യമാകുന്ന ഈ ധനസഹായം വായ്പ തുക മുഴുവൻ അടച്ചു കഴിഞ്ഞതിനു ശേഷം മാത്രം ഒറ്റത്തവണയായി തിരിച്ചടയ്ക്കേണ്ടതാണ്.

**സെക്ഷൻ ഓഫീസർ**